ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 17-04-2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. വനിതാ സംവരണ ഭേദഗതി ബില്ലിന്മേലുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു. ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് മറുപടി നൽകും.

**Debate on the Women's Reservation Amendment Bill continues in the Lok Sabha; Union Home Minister Amit Shah to reply today.**

2. രാജ്യസഭാ ഉപാധ്യക്ഷനായി നോമിനേറ്റഡ് അംഗം ഹരിവംശിനെ വീണ്ടും തിരഞ്ഞെടുത്തു. അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി .

**Nominated member Harivansh re-elected as Rajya Sabha Deputy Chairman; Prime Minister Narendra Modi extends congratulations.**

3. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം.

**Campaigning intensifies in Tamil Nadu and West Bengal ahead of the Assembly elections.**

4. സമ്പുഷ്ടീകരിച്ച യുറേനിയം ശേഖരം കൈമാറാൻ ഇറാൻ സമ്മതിച്ചതായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഇസ്രായേൽ–ലെബനൻ വെടിനിർത്തൽ പ്രഖ്യാപനത്തെ സ്വാഗതംചെയ്ത് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ.

*US President Donald Trump says, Iran has agreed to hand over its enriched uranium. UN Secretary-General welcomes the Israel–Lebanon ceasefire announcement.*

*5. കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ്.*

*Severe heat continues in Kerala; high temperature warning issued for 12 districts until Sunday.*

*6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും .*

*In IPL Cricket, Gujarat Titans to face Kolkata Knight Riders today.*

❁❁❁❁❁❁❁❁❁❁

**PARLIAMENT**

വനിതാ സംവരണ ഭേദഗതി ബില്ലിന്മേലുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുന്നു. ബിൽ പാസാക്കുന്നതിനായി പാർലമെൻറിൻറെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനമാണ് ചേരുന്നത്. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് മൂന്ന് ബില്ലുകളാണ് ലോക്സഭയിൽ അവതരിപ്പിച്ചത്. ബില്ലിന്മേലുള്ള ചർച്ചയ്ക്ക് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് മറുപടി നൽകും. സംവരണവുമായി ബന്ധപ്പെട്ട , മൂന്ന് ബില്ലുകളിൻ മേൽ ഇന്ന് ഉച്ചയ്ക്ക് ശേഷം വോട്ടെടുപ്പ് നടക്കും. ലോക്സഭാ സീറ്റുകളുടെ എണ്ണം 850 ആയി ഉയർത്താനാണ് ബില്ലിലെ പ്രധാന നിർദ്ദേശം. ലോക്സഭയിൽ ബിൽ പാസായാൽ, നാളെ രാജ്യസഭയിൽ ചർച്ച ചെയ്യും. അതേസമയം വനിതാസംവരണത്തെ മണ്ഡല- പുനർ നിർണയവുമായി ബന്ധിപ്പിക്കരുതെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. സംവരണം ഉടൻ നടപ്പിലാക്കുന്നതിന് പകരം സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്ക് ഇതിനെ വലിച്ചിഴയ്ക്കുന്നത് രാഷ്ട്രീയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണെന്ന് കോൺഗ്രസ് എംപി ശശി തരൂർ ആരോപിച്ചു.

❁❁❁❁❁❁❁❁❁❁

## KIRAN RIJIJU- WPR

2023 ലെ 106-ാാം ഭരണഘടനാ ഭേദഗതി നിയമം, നാരി ശക്തി വന്ദൻ അധിനിയം ഇന്നലെ മുതൽ പ്രാബല്യത്തിൽ
വന്നു. വനിതാ സംവരണ നിയമം 2023 മായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ സാധിക്കാതെ പോയവ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനാണ് 'നാരീ ശക്തി വന്ദൻ അധീനിയം' വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു
പറഞ്ഞു. പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതൊരു സ്വാഭാവിക നടപടിക്രമം മാത്രമാണെന്നും ഇതിനെ രാഷ്ട്രീയ വിഷയമാക്കി മാറ്ററുതെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁

## RAJYASABHA(INTRO)

രാജ്യസഭാ ഉപാധ്യക്ഷനായി നോമിനേറ്റഡ് അംഗം ഹരിവംശിനെ വീണ്ടും തിരഞ്ഞെടുത്തു. ഇത് മൂന്നാം തവണയാണ് അദ്ദേഹം ഉപാധ്യക്ഷ പദവിയിൽ എത്തുന്നത്. ഇതു സംബന്ധിച്ച പ്രമേയം കേന്ദ്രമന്ത്രി ജെ.പി. നഡ്ഡയാണ് അവതരിപ്പിച്ചത്. ബിജെപി എംപി എസ്. ഫാംഗ്നോൺ കൊന്യാക് പ്രമേയത്തെ പിന്തുണച്ചു. ശ്രീ ഹരിവംശിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യസഭയിൽ പ്രസ്താവന നടത്തി.പക്വതയോടെ സഭാ നടപടികൾ നിയന്ത്രിക്കുന്ന വ്യക്തിയാണ് ഹരിവംശെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയ്സ്.......)**

രാജ്യസഭാ ഉപാധ്യക്ഷനായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഹരിവംശ് നാരായൺ സിംഗിനെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെയും അഭിനന്ദിച്ചു. അതേസമയം, 2019 മുതൽ ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ പദവി ഒഴിഞ്ഞുകിടക്കുന്നതിൽ ശ്രീ ഖർഗെ ആശങ്ക പ്രകടിപ്പിച്ചു. സഭയിൽ പ്രതിപക്ഷത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന്, പുതിയ ഉപാധ്യക്ഷൻ ഉറപ്പുവരുത്തുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁

## TN – WB ELECTION

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ആദ്യഘട്ടത്തിൽ 152 മണ്ഡലങ്ങളിലാണ് വിധിയെഴുതുന്നത്. രണ്ടാം ഘട്ട പോളിംഗ് ഈ മാസം 29 ന് നടക്കും. പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി ഇന്ന് രണ്ട് പൊതുയോഗങ്ങളിൽ പങ്കെടുക്കും. ദുർഗാപൂർ വെസ്റ്റിൽ റോഡ് ഷോയിലും മമത ബാനർജി പങ്കെടുക്കും. മഹാരാഷ്ട്ര മുഖ്യമന്ത്രിയും ബിജെപി നേതാവുമായ ദേവേന്ദ്ര ഫഡ്നാവിസ് പശ്ചിമ ബംഗാളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട് .

❁❁❁❁❁❁❁❁❁❁

## WEST BENGAL – VOTTER LIST

വോട്ടർ പട്ടിക സംബന്ധിച്ച സുപ്രീം കോടതിയുടെ സമീപകാല ഉത്തരവ് നടപ്പാക്കുന്നതിൽ തടസ്സങ്ങളില്ലെന്ന് പശ്ചിമ ബംഗാൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ മനോജ് കുമാർ അഗർവാൾ. നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനായിട്ടായിരിക്കും നടക്കുകയെന്നും, അവസാന നിമിഷം വരെ പൗരന്മാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. പശ്ചിമ ബംഗാളിൽ നേരത്തെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട ആയിരക്കണക്കിന് വോട്ടർമാർക്ക് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അനുമതി നൽകിക്കൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഏപ്രിൽ 21, 27 തീയതികൾക്ക് മുൻപ് അപ്പലേറ്റ് ട്രൈബ്യൂണലുകൾ അപ്പീലുകൾ തീർപ്പാക്കുകയാണെങ്കിൽ ഇവർക്ക് വോട്ട് ചെയ്യാനാകും.

❁❁❁❁❁❁❁❁❁❁

## SIR - BLO

സംസ്ഥാനത്ത് എസ്ഐ ആറിൻറെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർക്ക് സ്പെഷ്യൽ ഇൻസെൻറീവ് ആയി 2,000 രൂപ നൽകാനാണ് തിരഞ്ഞെടുപ്പ് കമ്മിഷൻറെ നിർദ്ദേശമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസ് അറിയിച്ചു. കേരളത്തിൽ തുക കുറച്ചാണ് അനുവദിച്ചതെന്ന പരാതികളെ തുടർന്നാണ് കമ്മീഷൻറെ വിശദീകരണം.

❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.
1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴിയോ ആണ് നിർദേശങ്ങൾ പങ്കുവെയ്ക്കേണ്ടത്. മൻ കീ ബാത്തിന്റെ 133-ാം പതിപ്പ് ഈ മാസം 26-ന് ദൂരദർശനിലും ആകാശവാണിയിലും ലഭ്യമാകും.

❁❁❁❁❁❁❁❁❁❁

## UN CHIEF (intro)

ലെബനനിൽ ഇസ്രയേൽ പത്ത് ദിവസത്തെ വെടിനിർത്തൽ പ്രഖ്യാപിച്ചു. ഇസ്രായേൽ--ലെബനൻ വെടിനിർത്തൽ പ്രഖ്യാപനത്തെ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് സ്വാഗതംചെയ്തു. കരാർ സാധ്യമാക്കുന്നതിൽ അമേരിക്ക വഹിച്ചപങ്കിനെ അദ്ദേഹം പ്രശംസിച്ചു.

**വിശദാംശങ്ങളിലേക്ക്......**

**(കോൾഡ് വോയിസ്)**

എല്ലാ രാജ്യങ്ങളും അന്താരാഷ്ട്ര നിയമങ്ങൾ പാലിച്ച് സമാധാനത്തിനായി സഹകരിക്കണമെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പറഞ്ഞു. മേഖലയിൽ ശാശ്വതവും സമഗ്രവുമായ സമാധാനത്തിന് വെടിനിർത്തൽ വഴിതുറക്കുമെന്ന് അദ്ദേഹം പ്രത്യാശ

പ്രകടിപ്പിച്ചു.
വാഷിംഗ്ടണിൽ ഇരുരാജ്യങ്ങളിലെയും നയതന്ത്ര പ്രതിനിധികൾ തമ്മിൽ നടത്തിയ നേരിട്ടുള്ള ചർച്ചകളാണ് വെടിനിർത്തലിലേക്ക് വഴിതുറന്നത്. 1983-ന് ശേഷം ഇരുരാജ്യങ്ങളും തമ്മിൽ നടന്ന ഏറ്റവും നിർണ്ണായകമായ ചർച്ചയാണിത്. ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവും ലെബനൻ പ്രസിഡന്റ് ജോസഫ് ഔണുമായും ട്രംപ് സംസാരിച്ചു. വെടിനിർത്തൽ അംഗീകരിച്ചെങ്കിലും തെക്കൻ ലെബനനിൽ ഇസ്രയേൽ സൈന്യം തുടരുമെന്ന് ബെന്യമിൻ നെതന്യാഹു വ്യക്തമാക്കി. മാർച്ച് രണ്ടിന് തുടങ്ങിയ സംഘർഷത്തിൽ ലെബനനിൽ ഇതുവരെ 2,100 പേരാണ് കൊല്ലപ്പെട്ടത്. പത്തുലക്ഷത്തോളം പേർ പലായനം ചെയ്തതായാണ് റിപ്പോർട്ട്.
ന്യൂസ് ഡെസ്ക് ആകാശവാണി....

❁❁❁❁❁❁❁❁❁❁

## **TRUMP- IRAN**

ഇറാനുമായുള്ള സമാധാന കരാറിനുള്ള നീക്കം അന്തിമഘട്ടത്തിലെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. സമ്പുഷ്ടീകരിച്ച യുറേനിയം ശേഖരം കൈമാറാൻ ഇറാൻ സമ്മതിച്ചതായി വൈറ്റ്ഹൗസിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ അദ്ദേഹം അവകാശപ്പെട്ടു. കരാർ ഒപ്പിടുന്നതിലൂടെ ഹോർമുസ് കടലിടുക്ക് തുറന്നു നൽകാനും സ്വതന്ത്രമായ എണ്ണ വ്യാപാരം പുനഃസ്ഥാപിക്കാനും സാധിക്കുമെന്ന് ട്രംപ് പറഞ്ഞു. ഇറാന്റെ ആണവ പദ്ധതികൾക്ക് 20 വർഷത്തെ നിയന്ത്രണം ഏർപ്പെടുത്തണമെന്നാണ് അമേരിക്കയുടെ ആവശ്യം. എന്നാൽ, അഞ്ച് വർഷത്തെ നിയന്ത്രണത്തിന് ഇറാൻ സമ്മതിച്ചതായാണ് റിപ്പോർട്ട്.

❁❁❁❁❁❁❁❁❁❁

## **IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ പഞ്ചാബ് കിങ്സ് ഏഴ് വിക്കറ്റിന് വിജയിച്ചു.

❁❁❁❁❁❁❁❁❁❁

## WEATHER KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ ഉഷ്ണ തരംഗത്തിനു സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ ജില്ലകളിൽ താപനില 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്.

## VP-RADHAKRISHNAN

മുൻ രാഷ്ട്രപതി ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻറെ ചരമവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ശ്രദ്ധാഞ്ജലി അർപ്പിച്ചു. പഠനത്തിൻറെയും വിനയത്തിൻറെയും രാഷ്ട്രസേവനത്തിൻറെയും ശക്തിയുടെ തെളിവാണ് ഡോ. എസ് രാധാകൃഷ്ണൻറെ ജീവിതം എന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. ജീവിതത്തിൽ ജ്ഞാനം, സമഗ്രത, കാരുണ്യം എന്നിവയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ ഡോ. രാധാകൃഷ്ണന്റെ ജീവിതം എല്ലാവരെയും പ്രചോദിപ്പിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

## PM - CHANDRASHEKHAR

മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറിന്റെ ജന്മവാർഷിക ദിനാമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. ഈ വർഷം അദ്ദേഹത്തിന്റെ നൂറാം ജന്മവാർഷികത്തിന്റെ തുടക്കമാണെന്നും, സമ്പന്നവും നീതിയുക്തവുമായ ഇന്ത്യയെക്കുറിച്ചുള്ള ചന്ദ്രശേഖറിന്റെ കാഴ്ചപ്പാട് സാക്ഷാത്കരിക്കാനുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ഉറപ്പിക്കാനുള്ള അവസരമാണിതെന്നും പ്രധാനമന്ത്രി അനുസ്മരിച്ചു.